# ഡിജിറ്റിൽ മാഗസിൻ

# ഓർമ്മച്ചെപ്പ്



## G.H.S.S Manathala


ചാവക്കാട് നഗരസഭ ഗവ:ഹയർസെക്കണ്ടറി സ്ക്കൂൾ മണത്തല

## ആദരണീയനായ പ്രധാന അധ്യാപകൻ

## അനിൽകുമാർ മാസ്റ്റർ



# സന്ദേശം

International standard ലേക്ക് ഉയരുന്ന Govt. Higher Secondary School Manathala യിലെ "Little Kites" ഒരുക്കുന്ന Digital Magazine "ഓർമ്മച്ചെപ്പ്" ന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

കാലത്തിനനുസരിച്ച് IT അധിഷ്ഠിധ സാങ്കേതിക വിദ്യ എല്ലാ വിദ്യാർത്ഥികൾക്കും ലഭിക്കാൻ Little Kites ന്റെ പ്രവർത്തനങ്ങൾ കൊണ്ട് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

ഹെഡ്മാസ്റ്റർ
K.V അനിൽകുമാർ
G H S S Manathala

## ആമുഖം

വായനയിലൂടെ നേടേണ്ട അറിവ്,സാങ്കേതിക വിദ്യയുടെ സഹായവും കൂടിയാകുമ്പോൾ എല്ലാ അർത്ഥത്തിലും വിദ്യാഭ്യാസം പൂർണ്ണമാകുന്നു.വിദ്യാർത്ഥികളുടെ പ്രവർത്തനങ്ങളിലൂടെ അത് നമുക്ക് വിലയിരുത്താവുന്നതാണ്.

## ഉള്ളടക്കം

1. സന്ദേശം ........................................4
2. ആമുഖം ............................................5
3. എഡിറ്റോറിയൽ ..................................6
4. ലേഖനം(കേരളം അനുഭവിച്ച വേദന).....................9
5. കഥ ....................................................11
6. കവിത ..............................................12
7. കഥ ..................................................13
8. കവിത ..............................................14
9. ലേഖനം ............................................15
10. കവിത ............................................ 17
11. കഥ ................................................18
12. ലേഖനം ..........................................21
13. കഥ ................................................24
14. കവിത ............................................26
15. അടൽ ടിങ്കറിങ് ലാബ്..............................27

# എഡിറ്റോറിയൽ



എഡിറ്റർ

നിലാകൃഷ്ണ 9C

വിവരസങ്കേതിക വിദ്യയുടെ  വളർച്ച വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ വളരെ വളരെ ഉയരത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.”എനിക്ക് ഒന്നിനും കഴിയില്ല"എന്ന് ചിന്തിക്കുന്ന കുട്ടികളുടെ ഉയർച്ചയാണ് എന്നെ അത്ഭുതപ്പെടുത്തുന്നത്.

എല്ലാ രംഗങ്ങളിലും സാങ്കേതിക വിദ്യയുടെ സ്വാധീനം കാണാൻ കഴിയും. കൈറ്റിന്റെ നേതൃത്വത്തിൽ നിർമിക്കുന്ന ഡിജിറ്റൽ മാഗസിൻ “ഓർമച്ചെപ്പ്", അതിലൂടെ ഒരുപാട് കുട്ടികളുടെ കഴിവുകൾ ഞങ്ങൾ തുറന്നു കാട്ടുകയാണ്.

എന്ന് ,

സ്നേഹപൂർവ്വം

**നിലാകൃഷ്ണ 9C**

# മികവിന്റെ താളുകളിലൂടെ

# കേരളം അനുഭവിച്ച വേദന

കേരളം ഒരു മഹാപ്രളയത്തെ അതിജീവിക്കുകയുണ്ടായി .കേരളത്തിന് ഒട്ടനവധി നാശനഷ്ടങ്ങളുണ്ടായി .പലർക്കും വീടുകൾ നഷ്ടപ്പെട്ടു.ജനമനസുകളെ ഈ പ്രളയം ആകെ തളർത്തി.സൂചനകളിലാതെയായിരുന്ന ഡാമുകൾ തുറന്നത്.ഇതിനാൽ ജനങ്ങൾ ആകെ പരിഭ്രാന്തരായി.എന്ത് ചെയ്യണമെന്ന് അറിയാതെ അവർ നെട്ടോട്ടമോടി.അപ്പോഴാണ് അവരെ സംരക്ഷിക്കുന്നതിനായി പലയിടങ്ങളിലായി ക്യാമ്പുകൾ  തുടങ്ങി.അപ്പോൾ അവിടെ എല്ലാവരും അഭയം പ്രാപിച്ചു.ഇതിൽ മുൻപന്തിയിലുണ്ടായിരുന്നത് മത്സ്യതൊഴിലാളികളായിരുന്നു.ഈ



അവസരത്തിൽ ജാതി,മതം,വർഗ്ഗം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനം ഉണ്ടായിരുന്നില്ല.ഈ ഒരു ഒത്തൊരുമയാണ് ജനങ്ങളെ ഈ ദുരന്തത്തെ അതിജീവിക്കാൻ സഹായിച്ചത്.ഇനിയുള്ള കാലത്തും കേരളക്കാർ ഈ ഒത്തൊരുമയിൽ ജീവിക്കട്ടെ.

by

hajisha,majidha,shahana

# മഞ്ഞക്കിളിയും കാക്കയും

ഒരിടത്ത് ഒരു മഞ്ഞക്കിളി ഉണ്ടായിരുന്നു.ഒരു ദിവസം ആ മഞ്ഞക്കിളി തീറ്റ തേടി പോവുകയായിരുന്നു.ക്ഷീണം അനുഭവപെട്ടപ്പോൾ വിശ്രമിക്കാനായി വാഴഇലയിന്മേൽ ഇരുന്നു പക്ഷെ അവിടെ നിന്നും നിലത്തു വീണു. കഷ്ടക്കാലത്തിന് അടിയിൽ ചെടിയുടെ മുള്ളുണ്ടായിരുന്നു.അതിന് മേൽ തട്ടി കിളിയുടെ മേൽ മുള്ള് തുളഞ്ഞു കയറി. മുള്ളെടുക്കാൻ വേണ്ടി കിളി സൂചി ഉപയോഗിച്ച് കിണറ്റിന് കരയിൽ ഇരിക്കുകയായിരുന്നു .പെട്ടെന്ന് സൂചി കിണറ്റിൽ വീണു.അതെടുക്കാൻ വേണ്ടി കിളി കിണറ്റിലേക്ക് ഇറങ്ങി അവിടെ കിളി തിരഞ്ഞു .സൂചിക്കു പകരം സ്വർണ്ണമാണ് കിളിക്ക് കിട്ടിയത്.കിളി അതുകോണ്ട് കൂടു പണിഞ്ഞു.ഒരു ദിവസ്സം കിളിയുടെ കൂട്ടുക്കാരൻ കാക്ക അവിടെ വന്നു. കാര്യങ്ങൾ തിരക്കി . കിളി നടന്ന കാര്യം പറഞ്ഞ് കൊടുത്തു . കാക്കയ്ക്ക് കിളിയെ പോലെ സ്വർണ്ണ കൂട് വേണമെന്ന് ആഗ്രഹിച്ചു.കാക്ക ഒരു ദിവസ്സം മനപ്പൂർവം അവിടെ ചെന്ന് വാഴയിലയിൻ മേൽ ഇരുന്നു.അവിടെ നിന്നും കാക്ക കരുതിക്കൂട്ടി മുള്ളിന്മേൽ വീണു.സൂചിയെടുത്തു കിണറ്റിൽ കൊണ്ടു പോയി ഇട്ടു.അങ്ങനെ കാക്ക കിണറ്റിന്റെ അടിയിലേക്കു പോയി .അവിടെ നിന്നും സ്വർണ്ണത്തിന് പകരം കരിക്കട്ടയാണ് കിട്ടിയത്.

ഷെറിൻ
7B

# <u>പെയ്യാമഴ</u>




കറുത്ത മുഖവുമായി നിൽക്കുന്ന
കാർമേഘമേ
നിനക്കൊന്നു പൊട്ടിക്കരഞ്ഞു കൂടെ
നിനക്കുവേണ്ടി കാത്തിരിക്കുകയാണീ ഭൂമി
നിനക്കൊന്നു പൊട്ടിക്കരഞ്ഞു കൂടെ

നിന്റെ ശുദ്ധമാം ജലധാരകൾ
ഈ ഭൂമിയെ സമ്പന്നമാക്കുന്നു.
നിന്റെ കണ്ണീർ തുള്ളികൾ
ഇവിടെ ആനന്ദം നിറയ്ക്കുന്നു.
നീ കരയുമ്പോൾ ഇവിടെ സ്വർഗമാകുന്നു
എന്റെ കാർമേഘമേ നിനക്കൊന്ന്
പൊട്ടിക്കരഞ്ഞുകൂടെ

നിന്റെ വിഷമം നീ ഇറക്കിവയ്ക്കൂ...
ആ കണ്ണീർത്തുള്ളികളിൽ മനുഷ്യ-
സഹജമായ എല്ലാ വിഷമങ്ങളെയും
ഒഴുക്കികളയൂ

നീ കരയൂ കാർമേഘമേ
നിന്റെ സങ്കടം പെയ്തൊഴിക്കൂ..
നീ കരയുന്നത് ഈ ഭൂമിയിൽ ആഹ്ലാദമാണ്.

നീ ചെയ്യുന്നത് സത്കർമമാണ്
നിന്റെ വിഷമം നീ മറ്റുള്ളവർക്ക്
ആഹ്ലാദാനുഭൂതിയായി നൽകുന്നു
നീ കരയൂ കാർമേഘമേ
പൊട്ടി പൊട്ടി കരയൂ.......

നിലാകൃഷ്ണ-9C

# കൂട്ട്കെട്ട്

ഒരു ഗവൺമെന്റ് സകൂൾ അതിൽ എല്ലാ പ്രാവിശ്യവും 100% കുട്ടികൾ തോൽക്കുന്ന പത്താം ക്ലാസ്സ്.2002 ബച്ചിൽ സൽമാൻ,സെബാസ്റ്റിൻ, അതുൽ ഇവർ മൂന്നുപേരുമായിരുന്നു ക്ലാസ്സിലെ റോൾമോഡൽസ്.എന്തിനും അവർ ഉണ്ടാകും.അവരുടെ മൂന്നുപേരുടെ കഠിന പരിശ്രമത്താൽ ഒന്നാം പാദവാർഷിക പരീക്ഷയിൽ പകുതി കുട്ടികൾ ജയിച്ചു എന്നിട്ടും അതിലൊന്നും പെടാത്ത ചിലകുട്ടികൾ ഉണ്ടായിരുന്നു അവിടത്തെ മാഷുമാരും ട്ടീച്ചർ മാരും അവരെ കുറ്റപ്പെടുത്തി അവർക്ക് സപ്പോർട്ടായി ഒരു മാഷുണ്ടായിരുന്നു അവർ ആരേയും ശ്രദ്ധിക്കാതെ ആസ്കൂളിനെ മുന്നിലെത്തിക്കാൻ രാവും പകലും ഇല്ലാതെ പരിശ്രമിച്ചു.അങ്ങനെ അവരുടെ കൊല്ലപരീക്ഷ അടുത്തു മോടൽ പരീക്ഷക്ക് രണ്ടു പേർ തോറ്റു അവരെ അവർ അവരൊപ്പം കൂട്ടി രാവും പകലും ഇല്ലാതെ അവരെ പടിപ്പിച്ചു . അങ്ങനെ കൊല്ല പരീക്ഷ എഴുതി ആ സ്കൂളിന് 100% ലഭിച്ചു.അ്പോൾ അവരെ മൂന്ന് പേരെ തള്ളിപറഞ്ഞവർ അവരെ അഭിനന്ദിച്ചു : അവർ മൂന്ന് പേരും ആ സദസ്സിൽ വെച്ചു പറഞ്ഞു നാം നന്നായാൽ നമ്മുടെ കൂട്ടുകാർ നന്നാവും കൂട്ടുകാർ നന്നായാൽ സ്കൂൾ നന്നാവും. സ്കൂൾ നന്നായാൽ ലോകം നന്നാലും.അതിനു വേണ്ടി ആരെങ്കിലും പരിശ്രമിച്ചാല് മതി അതിനെ 100 പേർ കുറ്റം പറയും പക്ഷെ ഒരാളെങ്കിലും നല്ലത് പറയും അത് മാത്രം നമ്മൾ ശ്രദ്ദിക്കുക മറ്റുള്ളവരെ മുകവിലക്കെടുക്കരുത്.

nebil 9B

# മരണം

ആരാണ് നീ?

എന്തിനുനീയെൻ കോശങ്ങളെ അടച്ചു?

എന്തിനുനീയെൻ പേശികളെ തളർത്തി?

എന്തിനു നീയെൻ മിഴികളിൽ അന്ധകാരത്തെ

വിതറി?

എന്തിനു നീയെന്നെ ഊമയാക്കി

എന്തിനാണ് നീയെന്നെ പിടിച്ചു

വച്ചിരിക്കുന്നത്?

എന്നെയൊന്ന് സ്വതന്ത്രമാക്കു

ഞാനൊന്ന് ഉറക്കെ കരഞ്ഞോട്ടെ

ജെന്നത്ത് കെ സലീം 9A

# പരിസ്ഥിതി സംരക്ഷണം

നമ്മുടെ പ്രകൃതി നമ്മുടെ അമ്മയാണ്.നമ്മുടെ പരിസ്ഥിതിയെ നമ്മൾ നശിപ്പിക്കുകയാണ്.
നിങ്ങൾ ഒന്ന് ചിന്തിച്ചു നോക്കൂ  എത്ര വൈവിധ്യമാർന്നതാണ് നമ്മുടെ പരിസ്ഥിതി. എല്ലാം നമ്മൾ തന്നെയാണ് നശിപ്പിക്കുന്നത്.നമ്മുടെ ആരോഗ്യത്തിനും നമ്മുടെ നല്ലതിനും നമ്മൾ പരിസ്ഥിതി സംരക്ഷിച്ചേ മതിയാകൂ.നമ്മൾ ചെയ്യുന്ന പ്രവൃത്തിയുടെ ഫലമായി ഒരുപാട് വ്യതിയാനങ്ങൾ ഉണ്ടാകുന്നുണ്ട് എന്നാൽ അതൊന്നും നമ്മൾ അറിയുന്നില്ലെന്നു മാത്രം.ആഹാരം,വസ്ത്രം,പാർപ്പിടം,ഔഷധം,ഇന്ധനം എന്നിവയൊക്കെ നമ്മുക്ക് പ്രദാനം ചെയ്യുന്നത് പ്രകൃതിയിലെ സസ്യജന്തുജാലങ്ങളാണ്.നമ്മുടെ നിലനിൽപ്പിന് വായുവും വെള്ളവും പോലെ മണ്ണും അനിവാര്യമാണ്.നിരന്തരം നടക്കുന്ന പരിണാമ പ്രക്രിയയിലെ ഒടുവിലത്തെ കണ്ണിയാണ് മനുഷ്യൻ.പ്രകൃതിയിൽ നടക്കുന്ന കളികളുടെ നിയമം തെറ്റിച്ചു കളിക്കുന്ന ഒരേയൊരു ജീവിയും മനുഷ്യനാണ്.നമ്മൾ ചെയ്യുന്ന പ്രവർത്തികൾ തെറ്റാണെങ്കിൽ നമ്മുടെ അമ്മ ചെറിയ ഒരു ശിക്ഷ നൽകും എന്നിട്ടും പഠിച്ചില്ലെങ്കിൽ വലിയ ശിക്ഷ നൽകും.
 അതുപോലെതന്നെയാണ് നമ്മുടെ പ്രകൃതിയും.അതും നമ്മുടെ അമ്മയാണ്. അതിനൊരു ഉദാഹരണമാണ് നമ്മുടെ കേരളം കണ്ട പ്രളയം.ഇനിയും നമ്മൾ പ്രകൃതിയെ നശിപ്പിച്ചാൽ ഒരുപക്ഷേ നാം കാണുന്നത് വലിയ വിനാശമായിരിക്കും.നമ്മുടെ വീടിനെ അച്ചടക്കത്തോടെ പരിപാലിക്കുന്നതിൽ അമ്മയ്ക്ക് വലിയൊരു പങ്കുണ്ട്.അതുപോലെതന്നെ ഒരു മണിമാലയിലെ അച്ചടക്കത്തോടെ കോർത്തിരിക്കുന്ന മുത്തുകളെപോലെയാണ്  ഓരോ ജീവജാലങ്ങളെയും പ്രകൃതി കെട്ടിയിട്ടിരിക്കുന്നത്.അതിലെ ഒരു മുത്ത് പൊട്ടി പോയാൽ മതി ആ മാലയിലെ എല്ലാ മുത്തും താഴെ പോകാൻ.
ത്താതിരിക്കുകയാണ് നമ്മൾ ആദ്യം ചെയ്യേണ്ടത്.നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കാൻ ഒരുപാട് വഴികളുണ്ട്.മരങ്ങൾ വെട്ടാതിരിക്കുക,കുന്നുകൾ ഇടിക്കാതിരിക്കുക,പുഴ മലിനമാക്കാതിരിക്കുക,വയലുകൾ നികത്താതിരിക്കുക,...തുടങ്ങി പല കാര്യങ്ങളും നമ്മുക്ക് ചെയ്യാനാകും.നാം നമ്മുക്ക് ചെയ്യാൻ പറ്റുന്നതിന്റെ പരമാവധി നമ്മൾ ചെയ്യുക.മലിനമാക്കിയ പുഴകൾ ശുദ്ധമാക്കുക,മരങ്ങൾ വച്ചുപിടിപ്പിക്കുക,വയലുകൾ നികത്താതിരിക്കുക,കുന്നുകൾ ഇടിക്കാതിരിക്കുക,  തുടങ്ങിയ കാര്യങ്ങൾ

ചെയ്യുക.ഇതിലൂടെയൊക്കെ നമ്മുക്ക് പരിസ്ഥിതിയെ സംരക്ഷിക്കാനാകും. പരിസ്ഥിതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത വളരെ വലുതാണ്. അല്ലെങ്കിൽ നമ്മുടെ നിലനിൽപ്പിന് മാത്രമല്ല വരും തലമുറയുടെ നിലനിൽപ്പിനും കോട്ടം സംഭവിക്കും.അതുകൊണ്ടുതന്നെ നമ്മുടെ നിലനിൽപ്പിന് പരിസ്ഥിതി സംരക്ഷിച്ചേ മതിയാകൂ...

നിലാകൃഷ്ണ
9C

# കൈരളി മാതാവ്

***നമ്മുടെ മാതാവു - കൈരളി - പണ്ടൊരു***

*പൊന്മണിപ്പൈതലായ് വാണകാലം -*

*യാതൊരു ചിന്തയുമില്ലാതെ കേവലം*

*ചേതസി, തോന്നിയ മാതിരിയിൽ,*

*ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ-*

*റോടിക്കളിച്ചു രസിച്ച കാലം-*

*പെറ്റമ്മതന്നുടെ വെൺ മുലപ്പാൽ തീരെ*

*വറ്റിയിട്ടില്ലാത്ത പൂങ്കണ്ഠത്താൽ*

*പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ*

*പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം*

# അഞ്ച് സഹോദരൻമാർ



ഹരിയാനയിലെ ഒരു ചെറു ഗ്രാമത്തിൽ അഞ്ചു ഇരട്ട സഹോദരങ്ങൾ ജീവിച്ചരുന്നു. അവർ അഞ്ചു പേരും ഒറ്റക്കെട്ടായി സ്നേഹത്തോടെ ജീവിച്ചിരുന്നത്. അവർക്ക് ഒരു മുത്തശ്ശി മാത്രമാണ് ഉണ്ടായിരുന്നത്. അവർ അഞ്ചു പേരും ഒരുപോലെയായിരുന്നു. അവർ അഞ്ചുപേരെയും തിരിച്ചറിയാൻ മുത്തശ്ശിക്കു മാത്രമാണ് കഴിഞ്ഞിരുന്നത്. അവർ അഞ്ചു പേർക്കും വിവിധ കഴിവുകൾ ഉണ്ടായിരുന്നു. അതിൽ ഒരാൾക്ക് കടൽ മുഴുവൻ വായയിൽ അടക്കി പിടിക്കാനുള്ള കഴിവുണ്ട്. അതുകൊണ്ടുതന്നെ അയാളുടെ തൊഴിൽ മീൻപിടുത്തമായിരുന്നു. ഒരിക്കൽ അയാൾ മീൻ പിടിക്കാൻ കടലിലേക്ക് വന്നു. മീൻ പിടിക്കാൻ തയ്യാറാക്കുന്നതിനിടയിൽ ഒരു കൊച്ചുകുട്ടി അയാളോടു ചോദിച്ചു ; താങ്കൾ വായയിൽ കടലിലെ വെള്ളം അടക്കിപിടിക്കുമ്പോൾ ഞാൻ കുറച്ചു മുത്തുച്ചിപ്പികൾ പെറുക്കിക്കോട്ടെ ; അപ്പോൾ അയാൾ പറഞ്ഞു; അത് വേണ്ട മകനെ അത് അപകടമാണ്. പക്ഷേ ആ കുട്ടി അതൊന്നും അലോചിക്കാതെ വാശിപിടിച്ച് കരയാൻ തുടങ്ങി. സഹികെട്ട് അയാൾ പറഞ്ഞു; ശരി പക്ഷെ ദൂരെ പോകരുത് ഞാൻ കൈ കാട്ടിയാൽ തിരിച്ചുവരണം; അവൻ സന്തോഷത്തോടെ തലയാട്ടി. കുട്ടി മുത്തുചിപ്പി എടുക്കാൻ തയ്യാറെടുത്തു. അയാൾ വായിൽ കടൽ മുഴുവൻ വലിച്ചെടുത്തതും അവൻ ഓടിപ്പോയി മുത്തുച്ചിപ്പികൾ പെറുക്കി അവൻ അവനറിയാതെ തന്നെ ദൂരേക്ക് പോയി. കുട്ടി മുത്തുച്ചിപ്പി പെറുക്കുന്ന തിരക്കിനിടയിൽ അയാൾ കൈ കാട്ടി വിളിച്ചത് കുട്ടി കണ്ടില്ല. അയാളുടെ വായിൽ നിന്ന് വെള്ളം ഇറ്റി വീഴാൻ തുടങ്ങി .

അയാൾ എത്ര
ശ്രമിച്ചിട്ടും അതിനെ നിയന്ത്രിക്കാൻ സാധിച്ചില്ല. നിമിഷങ്ങൾക്കകം
കടൽ മുഴുവൻ വായിൽ നിന്ന് പോകുകയും ആ കുട്ടി കടലിനടിയിൽ
ആവുകയും കുട്ടി മരണപ്പെടുകയും ചെയ്തു. അങ്ങനെ ഈ വിവരം
രാജാവിന്റെ ചെവിയിലെത്തി. രാജാവ് അയാൾക്ക് ശിക്ഷ
വിധിച്ചു. അയാളെ തീയിലിട്ടു കൊല്ലാൻ രാജ സേവകരെ
ഏൽപ്പിച്ചു. അയാൾ രാജാവിനോട് ചോദിച്ചു എനിക്ക് ഒരു
അന്ത്യാപിലാഷമുണ്ട്. എനിക്ക് അവസാനമായി എന്റെ മുത്തശ്ശിയെ ഒന്നു
കാണണം. ശരി അനുവദിച്ചിരിക്കുന്നു. അവൻ വീട്ടിലേക്ക് പോയി.
മുത്തശ്ശിയോടും സഹോദരങ്ങളോടും കാര്യങ്ങളെല്ലാം പറഞ്ഞു. അപ്പോൾ
രണ്ടാമൻ പറഞ്ഞു നിനക്കു പകരം ഞാന പോകാം . എനിക്ക് തീയിൽ
ഒന്നും സംഭവിക്കില്ലല്ലോ ? അങ്ങനെ രണ്ടാമത്തെ സഹോദരൻ
രാജാവിന്റെ അടുത്തേക്ക് പോയി. അയാളെ ഭടൻമാർ
തീയിലെറിഞ്ഞു. എന്നാൽ എല്ലാവരെയും ഞെട്ടിച്ചുകൊണ്ട് അയാൾ ആ
തീയിൽ കിടന്നു ക അയാൾക്ക് ഒന്നും
സംഭവിക്കുന്നുണ്ടായിരുന്നില്ല. എന്നാൽ രാജാവ് കൽപ്പിച്ചു ഇയാളെ
ജീവനോടെ മണ്ണിനടിയിൽ കുഴിച്ചിട്ടു രാജാവ് കല്പ്പിച്ചു. അയാൾ
അപ്പോൾ പറഞ്ഞു എന്നെ മണ്ണിനടിയിൽ കുഴിച്ചിട്ടാൽ പിന്നെ എനിക്ക്
എന്റെ മുത്തശ്ശിയെ കാണാൻ പൊക്കോട്ടെ ? രാജാവ് സമ്മതിച്ചു. അയാൾ
മൂന്നാമത്തെ സഹോദരനോട് പറഞ്ഞു. നീ ഇനി എനിക്കു പകരം
പോകൂ... മണ്ണിനടിയിൽ നിനക്കല്ലേ കുറേ നേരം കിടക്കാൻ
സാധിക്കുന്നത്. അങ്ങനെ മൂന്നാം സഹോദരൻ രാജാവിന്റെ അടുത്ത്
ചെന്നു. എന്നാൽ മണ്ണിനടിയിൽ കുഴിച്ചിട്ടിട്ടും അയാൾക്ക് ഒന്നും
സംഭവിക്കാതായപ്പോൾ രാജാവിന് ആകെ ആശങ്കയായി. രാജാവ്
വീണ്ടും കല്പിച്ചു കൊണ്ടിരുന്നു വെള്ളത്തിൽ മുക്കി കൊല്ലാനും, വിഷ
പാമ്പിനെ
കൊണ്ട് കൊത്തിക്കാനുമൊക്കെ എന്നാൽ അതൊന്നും ആ
സഹോദരങ്ങളുടെ സാഹോദര്യത്തെ തകർക്കാനായില്ല. ഒടുവിൽ രാജാവ്

പിൻമാറുക തന്നെ ചെയ്തു.എന്നിട്ട് രാജാവ് പ്രജകളെ വിളിച്ചു വരുത്തി പറഞ്ഞു ;ഇയാൾ തെറ്റൊന്നും ചെയ്തിട്ടില്ലാത്ത കാരണമാണ് എല്ലാ പരീക്ഷണങ്ങളിലും ഇയൾ വിജയിച്ചത്;

അങ്ങിനെ അഞ്ചാളും വിട്ടിലേക്ക് പോയി .കൊച്ചുമക്കളുടെ ഒത്തോരുമ കണ്ട മുത്തശ്ശിയുടെ സന്തോഷം കൊണ്ട് നിറഞ്ഞു!...................

(Firdous&Nihal)-9A

# ഇന്ത്യ ആധിപത്യ രാജ്യമോ? ജനാധിപത്യ-രാജ്യമോ?

എന്റെ അറിവിൽ അല്ലെങ്കിൽ ഞാൻ കണ്ടതിൽ വെച്ച് ഏറ്റവും കൂടുതൽ വിശ്വാസികൾ അഥവാ സംസ്കാരങ്ങൾ ഉള്ള ജനങ്ങൾ ഐക്യത്തോടെയും വളരെ സമാധാനത്തോടെയും ജീവിക്കുന്ന ഒരു രാജ്യമാണ് ഇന്ത്യ.

ഇന്ത്യയിലെ ലോകം കണ്ട മഹാത്മജി ബ്രിട്ടീഷുകാരിൽ നിന്ന്സ്വാതന്ത്ര്യം വാങ്ങിത്തന്നെങ്കിലും അംബേദ്ക്കർ ഭരണഘടനാ നിയമ പുസ്തകം നിർമിച്ചെങ്കിലും,പൗരൻമാർക്ക് വോട്ട് ചെയ്ത് ഭരണധികാരികളെ നിയമിക്കാനുള്ള അവകാശം നൽകിയെങ്കിലും,ഒരു പൗരനും ഇപ്പോഴും ഇന്ത്യ എന്ന യഥാർത്ത ജനാധിപത്ത്യ രാജ്യത്തെ കണ്ടിട്ടില്ല അല്ലെങ്കിൽ അറിഞ്ഞിട്ടില്ല എന്നത്താണ് യഥാർത്ത സത്ത്യം.

ഇന്ത്യ ഭരിക്കുന്നതിൽ 99% ഭരണാധികാരികളും ഇന്ത്യയെ ജനാധിപത്യ-രാജ്യമാക്കുന്നില്ല,മാത്രമല്ല ഗവൺമെന്റ് എന്നത്

ജനങ്ങളാണ്-ജനങ്ങൾക്കുള്ളതാണ്-ജനങ്ങൾത്തന്നെയാണ് എന്ന യഥാർത സത്യം പൗരന്മാർ മറന്നു ആല്ലെങ്കിൽ പൗരന്മാരുടെ മനസ്സിൽ നിന്നും മായിച്ചു കളഞ്ഞു എന്നു തന്നെ നമുക്ക് പറയാം,എങ്കിലും ഇതെല്ലാം മനസ്സിൽ ഉണ്ടായിട്ടും രാഷ്ട്രീയ പാർട്ടികളേയും ഭാരതം ഭരിക്കുന്ന മന്ത്രിമാരേയും ഭയന്ന്ഹൃദയത്തിലേക്ക് ഇരുട്ട് തള്ളിക്കേറ്റി ജീവിതം അർത്ഥമില്ലാതാക്കുന്നു.

ചില പൗരന്മാരാണെങ്കിൽ കാശ് ലഭിക്കാൻ വേണ്ടി സിനിമയെന്ന വിനോദത്തെ ബിസനസ്സാക്കി യുവാക്കളുടെ പ്രിയ അഭിനയ നേതാക്കളെ വെച്ച് പാർട്ടികൾക്ക് വേണ്ടി സിനിമപിടിക്കുകയും അവ ഭാരതയുവാക്കൾക്ക് പ്രചോദനം നൽകുകയും പൗരന്മാരുടെ വോട്ടിന് ഒരു അർത്ഥവുമില്ലാതെ തന്റെ മനസ്സിൽ ഏതൊ ഒരു കരുത്ത് നൽകിയ പാർട്ടിക്ക് മാത്രമാവുകയും ചെയ്യുന്നു. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ സ്ഥാനാർത്ഥിയുടെ സ്വഭാവമല്ല നോക്കുന്നത് പാർട്ടിയുടെ പേരാണ് എന്നതാണ് സത്യം.

ഇന്ത്യ പുറമെ ജനാധിപത്യ രാജ്യമാണെങ്കിലും യഥാർത്തത്തിൽ ആധിപത്ത്യ രാജ്യം തന്നെയാണ്.

ഒരു യഥാർത്ഥ പൗരന് ലഭിക്കേണ്ട ഒരവകാശവും ഇന്ത്യൻസർക്കാരിന്റെ

ശമ്പളം(ഇന്ത്യൻ ജനങ്ങളുടെ കാശ്) വാങ്ങി ജീവിക്കുന്ന നമ്മുടെ തൊഴിലാളിയായ ഒരു ഭരണാധികാരിയും നൽകുന്നില്ല എന്നതാണ് യഥാർത്ഥ സത്യം.

സത്യത്തിൽ വാങ്ങുന്ന കാശിനായി കൂർക്കാണിക്കാത്തവരാണ്, പാൽകൊടുത്ത കൈക്ക് കൊത്തുന്നവരാണ്.

എന്നാൽ രാജ്യത്തിന്റെ നന്മയ്ക്കും,പൗരന്മാരുടെ അവകാശത്തിനും വേണ്ടി പോരാടുന്ന ചില ഭരിണാധികാരികളും ഈ രാജ്യത്ത് ഇന്നും ഉണ്ട് എന്ന സത്യം നാം മറക്കരുത്. അതുപോലെയുള്ളവരാവട്ടെ നമ്മുടെ എല്ലാ ഭരണാധികാരികളും എന്ന് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

---

ശുഭം

---

Done By:

Mohammed Haroon . 9 B

# മാന്ത്രിക മത്സ്യം



പണ്ട് പണ്ട് ഒരു ധനികനായ ഒരാൾ
ഉണ്ടായിരുന്നു.അയാളുടെ ഭാര്യക്ക് തീരെ
സന്തോഷം ഇല്ലായിരുന്നു .അങ്ങനെ ഒരു
ദിവസം അയാൾ മീൻ പിടിക്കാൻ പോയി.
അങ്ങനെ പുഴയിൽ എത്തി മീൻ പിടിക്കുമ്പോൾ
അയാളുടെ ചൂണ്ടയിൽ ഒരു
ഭയങ്കര ശക്തിയിൽ ഒരു മീൻ വലിക്കുന്നു.
അയാളും ശക്തിയിൽ
വലിച്ചു അങ്ങനെ ആ മീൻ കുടുങ്ങി .അയാൾ ആ
മീനിനെ ഇടുത്തു.
എന്നിട്ട് അയാൾ പറഞ്ഞു "ഇന്നത്തെക്കുള്ള ഭക്ഷണം ഇതു മാതി.
ഇതു കണ്ടാൽ എന്റെ ഭാര്യക്ക് സന്തോഷമാകും. അപ്പോൾ പെട്ടന്ന് ഒരു
ശബ്ദം കെട്ടു .അയാൾ നോക്കിയപ്പോൾ ആ മീൻ സംസാരിക്കുന്നു.
അയ്യോ എന്നെ കൊല്ലല്ലേ ഞാനൊരു മാന്ത്രികമീൻ ആണ്
നിങ്ങൾ പറയുന്നത് ഞാൻ  ചെയ്യാം .അപ്പോൾ അയാൾ
പറഞ്ഞു നിന്നെ ഞാൻ എങ്ങനെ വിശ്വസിക്കും നീ എന്നെ ചതിച്ചാലോ
അയാൾ വേഗം വീട്ടിൽ ചെന്ന് ഭാര്യയോട് പറഞ്ഞു ഭാര്യവേഗം അയാളോട്
പറഞ്ഞു നിങ്ങൾ ആ മീൻനോട് ഒരു നല്ല വാർപ്പ് വീട് തരാൻ  ആ
മീൻനോട് പറയൂ അയാൾ ഭാര്യയുടെ സന്തോഷത്തിന് വേണ്ടി
പുഴയക്കരിക്കിൽ പോയി ആ മീൻനെ വിളിച്ചു
പറഞ്ഞു മീൻ പറഞ്ഞു നിങ്ങൾ തിരിച്ചു പോകു നിങ്ങളുടെ ആഗ്രഹം
സഫലമായിരിക്കുന്നു നിങ്ങൾ പോക്കോളു അയാൾ വേഗം ഓടിചെന്ന്
നോക്കി അപ്പോൾ ഒരു നല്ല വാർപ്പ്  വീട് അതിന്റെ മുമ്പിൽ അയാളുടെ
ഭാര്യയും നിൽക്കുന്നു ഉള്ളിൽകയറിയപ്പോൾ നല്ല ആഹാരവും
നല്ല വൃത്തിയുള്ള വീടും കറുച്ച് കഴിഞ്ഞ അവർ രണ്ട് പേരും ഉറങ്ങാൻ
കിടക്കുമ്പോൾ അയാളുടെ ഭാര്യ പറഞ്ഞു എനിക്ക് ഈ വിട് ഇഷ്ട്ടപ്പെട്ടില്ലാ
അപ്പോൾ അയാൾ പാറഞ്ഞു നീ പറഞ്ഞിട്ടാണ്
എല്ലാം ഞാൻ ആ മിനിനോട് പാറഞ്ഞത് അപ്പോൾ ഭാര്യ അയാളോട്
ദേഷ്യപ്പെട്ട് പറഞ്ഞു എനിക്ക് ഒരു മാളിക വീട് വേണം അങ്ങനെ ആ പാവം
മാനുഷ്യൻ രാത്രിയിൽ പുഴയുടെ

അരികിൽ ചെന്ന് ആ മീൻ വിളിച്ചു നടന്ന കാര്യം മുഴുവൻ പറഞ്ഞു
അപ്പോൾ ആ മീൻ പറഞ്ഞു നിങ്ങൾ തിരിച്ചു പോകു നിങ്ങളുടെ ഭാര്യയുടെ
ആഗ്രഹം സഫലമായിരിക്കുന്നു പോയിനോക്കിയപ്പോൾ വലിയമാളിക വീട്
ഉണ്ടായിരിന്നു അങ്ങനെ ആ രാത്രി കഴിഞ്ഞുകുടി
രാവിലത്തെ ഭക്ഷണ കഴിക്കുമ്പോൾ ആ ഭാര്യ പറഞ്ഞു ഒരു കാര്യം മതി
എനിക്ക് മാളികയായ വീട് വേണ്ട എനിക്ക് ഒരു കൊട്ടരം മതി അപ്പോൾ
അയാൾ ഭാര്യയോട് ദേഷ്യത്തോടെ
പറഞ്ഞു അങ്ങനെ എപ്പോഴും ചോദിക്കാനൊന്നും പറ്റില്ല.ഭാര്യ
ദേഷ്യത്തോടെ റൂമിൽ കയറി വാതിൽ അടച്ചു.അയാൾക്ക് വിഷമം വന്ന്
പുഴയുടെ അടുത്ത് പോയി ആ മീനിനോട് പറഞ്ഞു എന്റെ ഭാര്യക്ക്
ഇപ്പോളും സന്തോഷമായില്ല അവൾക്ക് ഒരു കൊട്ടരം
തന്നെ വേണം ആ മീൻ പറഞ്ഞു നിങ്ങളുടെ ആഗ്രഹം സഫലമായിരിക്കുന്നു
അയാൾ ഒടിചെന്ന് നോക്കിയപ്പോ ഒരു വലിയ കൊട്ടരം നറയെ
ഭട്ടൻമാരുമായി നിൽക്കുന്നു റാണിയായി
എന്റെ ഭാര്യയും അപ്പോൾ അയളുടെ ഭാര്യക്ക് സന്തോഷം വന്നട്ടില്ല
അയാൾക്ക് അ ഭാര്യയുടെ മുഖംത്ത് നോക്കമ്പോൾ തന്നിക്ക്
മനസ്സിലായി അയാൾ അപ്പോൾ കേട്ടാരത്തിൽ നിന്ന് ഇറങ്ങി
ഓടി മീനിന്റെ അടുത്തേക്ക് പിന്നായും പോയി അയാൾ പറഞ്ഞു
എന്റെ ഭാര്യക്ക് ഇപ്പോളും സന്തോഷം വന്നട്ടില്ല നീ അവളക്ക്
സന്തോഷമാക്കാന്റ നീ എന്തെങ്കിലും തയോ അപ്പോൾ
ആ മീൻ പറഞ്ഞു നിങ്ങൾ പേകോളു നിങ്ങളുടെ ആഗ്രഹം
സഫലമായിരിക്കുന്നു അയാൾ ഓടിചെന്ന് നോക്കിയപ്പോൾ ഒരു
ചെറിയവീട് അയാളുടെ ഭാര്യക്ക് നല്ല സന്തോഷവും ഉണ്ടായിരിന്നും
പിന്നെ അയാൾക്ക് ഗ്രമത്തിൽ നല്ല ജേലിയും കിട്ടി അയളും ഭാര്യയും
സന്തോഷത്തോടെ ജിവിച്ചു കഴിഞ്ഞു ചെറിയ വീട്ടുമായി അവർ ജിവിച്ചു.......

ഷാനിൽ, നായിഫ്

9B



## FRIENDSHIP

FRIENDSHIP is a beautiful world

FRIENDS are valuable wealth in the world

FRIENDSHIP is a big tree

FRIENDS are evergreen leaves in the tree

FRIENDSHIP is a beautiful garden

FRIENDS are colourful flowers in the garden

FRIENDSHIP is a wonderful crown

FRIENDS are precious diamonds in the crown

FRIENDSHIP is a clear blue sky

FRIENDS are shining stars in the sky

FRIENDSHIP is a beautiful gift box

FRIENDS are amazing gift of GOD

Jennath k saleem 9A

# അടൽ ടിങ്കറിംഗ് ലാബ്




TINKERING


I AM AN INNOVATOR
3D PRINTING AREA


I AM AN INNOVATOR


I AM AN INNOVATOR

# അണിയറയിൽ

മാലതി ടീച്ചർ

ജോഷി മാസ്റ്റർ

രത്നകുമാരി ടീച്ചർ

നിലാകൃഷ്ണ

ഹാറൂൺ

നിഹാൽ ജിബിൻ

ഫിർദൗസ്

അഖിൽ

ബാദുഷ

ജെന്നത്ത് കെ സലീം

ഷാനിൽ



KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION
PRESENTS

# നന്ദി

ഈ ഓർമച്ചെപ്പ് തയ്യാറാക്കാൻ
സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ്
അംഗങ്ങൾക്കും അധ്യാപകർക്കും നന്ദി.